ഫീസുകളിൽ കിട്ടിയിട്ടില്ലെന്നറിയുന്നു. ഈ മാസം 28-ാംതീയതിക്കുമുൻപു് എല്ലാ വില്ലേജാഫീസുകളിലും ഫാറം എത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: എല്ലാ വില്ലേജാഫീസുകളിലും ഫാറം ഉടനെ എത്തിക്കാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. ഭാസ്കരൻ നായർ: കളക്ടരുടെ നിർദ്ദേശം കിട്ടിയിട്ടില്ല എന്ന കാരണത്താൽ, മുനിസിപ്പൽ കമ്മീഷണർമാർ ഇതു സംബന്ധിച്ച അപേക്ഷകളും സ്വീകരിക്കുന്നില്ല. അതിനു പ്രത്യേകം നിർദ്ദേശം നൽകുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ നിർദ്ദേശം കൊടുത്തിട്ടില്ലെങ്കിൽ അന്വേഷിക്കാം.

ശ്രീ. പി.സി. ബാലകൃഷ്ണൻ നമ്പ്യാർ: കുട്ടികളുള്ള വിധവകൾക്കു കൊടുക്കുന്ന ധനസഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ: മൈനർ കുട്ടികളും ഇല്ലാത്ത വിധവകൾക്കു് 15 രൂപയും, മൈനർ കുട്ടികളും ഉള്ള വിധവകൾക്കു് 20 രൂപയും ആണു് കൊടുക്കാൻ ഉദ്ദേശിക്കുന്നതു്.

ശ്രീ. എം. രവീന്ദ്രനാഥ്: അംഗഭംഗംവന്ന മിലിട്ടറിക്കാർക്കു് സഹായധനം കൊടുക്കുമെന്നു പത്രത്തിൽ കണ്ടു. അതു സംസ്ഥാന ഗവണ്മെന്റു നൽകുന്നതാണോ; കേന്ദ്ര ഗവണ്മെന്റു നൽകുന്നതാണോ?

ശ്രീ. ആർ. ശങ്കർ: അതു ഇൻഡ്യാ ഗവണ്മെന്റിൽനിന്നു ചെയ്യുന്ന സഹായമാണു്, മിലിട്ടറി ഡ്യൂട്ടിയിലിരിക്കുമ്പോഴും ഏതുപ്രകാരത്തിലുള്ള സേവനം ചെയ്യുന്നവരായാലും അംഗവൈകല്യം വന്നാൽ ഈ സഹായം ലഭിക്കുന്നതായിരിക്കും.

സാഹിത്യ അക്കാദമിയും സംഗീത നാടക അക്കാദമിയും.

* 322. (9) ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹിത്യഅക്കാഡമി, സംഗീതനാടക അക്കാദമി എന്നീ സംഘടനകളിലെ ഇപ്പോഴത്തെ അംഗങ്ങൾ ആരെല്ലാം;

(ബി) ഈ സംഘടനകളും 1963-64 (ഡിസംബർ അവസാനംവരെ) വർഷത്തിൽ ചെലവഴിച്ച തുകകളും എത്രവീതമാണു്;

(സി) ഓരോ സംഘടനയും ചെലവഴിച്ച തുകകളിൽ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഗ്രാന്റു നൽകുന്നതിനുവേണ്ടി വിനിയോഗിച്ച തുക എത്ര;

(ഡി) തുക ചെലവുവന്ന മറ്റിനങ്ങൾ ഏതെല്ലാം?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) ഇപ്പോഴുള്ള അംഗങ്ങളുടെ ഒരു ലിസ്റ്റു മേശപ്പുറത്തു വച്ചിട്ടുണ്ടു് †

(ബി) കേരള സാഹിത്യ അക്കാദമി, 40411 രൂപാ 92 നയാപൈസയും കേരള സംഗീത നാടക അക്കാദമി, 59,842 രൂപ 64 നയാപൈസയും ചെലവഴിച്ചിട്ടുണ്ടു്.

(സി) കേരള സാഹിത്യ അക്കാദമി, 11,986 രൂപ 34 നയാ പൈസയും കേരള സംഗീതനാടക അക്കാദമി 27,000 രൂപയും ഈ ആവശ്യത്തിലേക്കായി വിനിയോഗിച്ചിട്ടുണ്ടു്.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സ്റ്റാഫിന്റെ ശമ്പളം, സ്റ്റാഫിന്റെയും അംഗങ്ങളുടേയും യാത്രപ്പടി പോസ്റ്റേജ്, സ്റ്റേഷനറി, ഫർണിച്ചർ, ടെലഫോൺ ചാർജ്, ഇലക് ട്രിസിറ്റി ചാർജ്, ലൈബ്രറി, പ്രിൻറിംഗ് ചാർജ് മുതലായവയാണ് ചെലവു വന്ന മറ്റിനങ്ങളും.

ശ്രീ. സി. എ. മാത്യു: സംഗീതനാടക അക്കാദമി ഗ്രാൻറു വിതരണത്തിനു സ്വീകരിച്ച മാനദണ്ഡത്തിൽ ചില പാകപ്പിഴകളും വന്നിട്ടുണ്ടെന്നും, അക്കാദമിയുടെ സബ് കമ്മിറ്റി അംഗങ്ങളും ചെയ്ത ശുപാശ്കളും, നിർവാഹക സമിതി വേണ്ടിടത്തോളം പരിഗണിച്ചിട്ടില്ലെന്നും പരാതിയുണ്ട്. പല സ്ഥാപനങ്ങളെയും ഇതു ദോഷകരമായി ബാധിക്കുമെന്നുള്ളതിനാൽ, ഇന്നു ഗ്രാൻറു കിട്ടിയിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നത്തെ നില എന്താണെന്നും, ഗ്രാൻറു നൽകുന്നതിൽ വിവേചനം കാണിച്ചിട്ടുണ്ടോ എന്നും പരിശോധിക്കാൻ ഗവണ്മെൻറു തയ്യാറാകുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെ പ്രത്യേകം പരാതിയൊന്നും കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മെംബർ പരാതിപ്പെട്ടാൽ അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ്: ഈ സ്ഥാപനങ്ങളും ഓരോന്നും ചെലവാക്കിയ സംഖ്യയിൽ, സ്റ്റാഫിന്റെ യാത്രപ്പടി, ശമ്പളം മുതലായ ഇനത്തിൽ വന്നിട്ടുള്ള പ്രത്യേകം ചെലവു പറയാമോ?

ശ്രീ. ആർ. ശങ്കർ: ചോദ്യത്തിന്റെ ഉത്തരത്തിൽ, (ബി) വകുപ്പിൽ മൊത്തം ചെലവഴിച്ച തുക പറഞ്ഞിട്ടുണ്ട്. (സി)-യുടെ ഉത്തരത്തിൽ ഗ്രാൻറിനു വേണ്ടി ഉപയോഗിച്ച തുകയും പറഞ്ഞിട്ടുണ്ട്. അതിൽനിന്നു കണ്ടുപിടിക്കാവുന്നതേയുള്ളു ഈ ചെലവുകളും.

ശ്രീ. സി. അച്യുതമേനോൻ: സംഗീത അക്കാദമി, പ്രാദേശിക സ്ഥാപനങ്ങൾക്കു ഗ്രാൻറു കൊടുക്കുന്ന സമ്പ്രദായം ഉണ്ട്. അങ്ങനെ ഗ്രാൻറു കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ചട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ടോ; ആ ചട്ടങ്ങളും അനുസരിച്ചാണോ ഇന്നു ഗ്രാൻറു കൊടുക്കുന്നതു?

ശ്രീ. ആർ. ശങ്കർ: ചട്ടങ്ങളും ഉണ്ടെന്നാണു് എൻറെ ഓർമ്മ.

ശ്രീ. ഈ. പി ഗോപാലൻ: ഈ അക്കാദമികളും കാൺസ്റ്റിറ്റ്യൂട്ടചെയ്തതു എന്നാണു്, കാലാവധി എന്നുവരെയാണു്?

ശ്രീ. ആർ. ശങ്കർ; പ്രത്യേകം ചോദിക്കണം.

ശ്രീമതി കുസുമം: ഇങ്ങനെ സമിതികൾക്കു ഗ്രാൻറു നൽകുന്നതിനു് ഇന്നു പ്രത്യേകം വ്യവസ്ഥയൊന്നുമില്ലെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇന്നു ഗ്രാൻറു കിട്ടിയിട്ടുള്ള സമിതികൾക്കുമാത്രമാണു് വോട്ടവകാശമുള്ളതു്. വ്യക്തമായ രൂപരേഖ ഇല്ലാത്തതു കാണ്ടു് വളരെയധികം കുഴപ്പം വരുന്നുണ്ടെന്നു മനസ്സിലാക്കി, ആവശ്യമായ രൂപരേഖ ഉണ്ടാക്കാൻ ഏർപ്പാടുചെയ്യുമോ?

ശ്രീ. ആർ. ശങ്കർ: അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതുചെയ്യാം.

വനിതാ പോളി ടെക്നിക്കുകൾ

* 323. (10) ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഗവണ്മെൻറു് വനിതാ പോളി ടെക്നിക്കുകളുണ്ടു്;

(ബി) അതിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കു് സ്വന്തമായി കെട്ടിടങ്ങളുടെ പണി ആരംഭിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to Starred Question No.* 322 (9)]

കേരള സാഹിത്യ അക്കാഡമി.

പ്രസിഡൻറ്—ശ്രീ. പൂത്തേഴത്തു് രാമൻ മേനോൻ.
വൈസ് പ്രസിഡൻറ്—ശ്രീ. കെ. എം. ചെറിയാൻ.
ഖജാൻജി—കളക്ടർ, തൃശ്ശൂർ.
സെക്രട്ടറി—കോളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടർ.

അംഗങ്ങൾ.

1 ശ്രീ. എൻ. ഗോപാലപിള്ള.
2 ,, ജി. ശങ്കരക്കുറുപ്പ്.
3 ,, ശ്രീരനാട്ടു പി. എൻ. കുഞ്ഞൻ പിള്ള.
4 ,, കുട്ടികൃഷ്ണ മാരാർ.
5 ,, പി. കുഞ്ഞിരാമൻ നായർ.
6 ,, എസ്. കെ. പൊറ്റക്കാട്.
7 ,, പി. സി. കുട്ടികൃഷ്ണൻ.
8 ,, എം. പി. അപ്പൻ.
9 ,, വൈലോപ്പിള്ളിൽ ശ്രീധരമേനോൻ.
10 ,, വക്കം അബ്ദൽഖാദർ.
11 ,, സുകുമാർ അഴിക്കോട്.
12 ,, ആറൂർ കൃഷ്ണപിഷാരടി.
13 ,, പി. കെ. കോരു.
14 ശ്രീമതി അമ്പാടി കാർത്ത്യായനിഅമ്മ.
15 ,, എൻ. ലളിതാംബിക അന്തർജ്ജനം.
16 ,, എൻ. ബാലാമണി അമ്മ.
17 ശ്രീ. ജോസഫ് മുണ്ടശ്ശേരി.
18 ,, അഹമ്മദ മൗലവി.
19 ശ്രീമതി മുതുകുളം പാർവ്വതിഅമ്മ.
20 ശ്രീ. റവ. ഉബൈദ്.
21 ,, പുത്തൻകാവു മാത്തൻ തരകൻ.
22 ,, ജി. വൈദ്യനാഥയ്യർ.
23 ഫാദർ സി. കെ. മറിം.
24 ശ്രീ. സി. എച്ച്. കുഞ്ഞപ്പ.
25 ,, കെ. ദാമോദരൻ.
26 ,, വിദ്യാഭ്യാസ സെക്രട്ടറി.
27 ,, വിദ്യാഭ്യാസ ഡയറക്ടർ.

കേരള സംഗീത നാടക അക്കാഡമി.

ചെയർമാൻ—ശ്രീമതി ലക്ഷ്മീനാരായണൻ നായർ.

അംഗങ്ങൾ.

1 ശ്രീ. സി. ഐ. പരമേശ്വരൻ പിള്ള.
2 ,, അമ്പലപ്പുഴ ശങ്കരനാരായണ പണിക്കർ.
3 ,, കൈനിക്കര കുമാരപിള്ള.
4 ,, ഗുരു ഗോപിനാഥ്.
5 ,, അന്നമട അച്യുത മാരാർ.
6 ,, എസ്. കെ. പൊറ്റക്കാട്.

LIBRARY ARCHIVES Kerala Legislative Assembly

7 ശ്രീമതി രത്നം തമ്പുരാൻ.
8 ശ്രീ. സി. എം. കുഞ്ഞമ്പു നായർ.
9 ,, കെ. റ്റി. മുഹമ്മദ്.
10 ,, കെ. കൃഷ്ണൻ.
11 ,, പി. ജെ. ചെറിയാൻ.
12 ,, ജി. എൻ. ബാലസുബ്രഹ്മണ്യം.
13 ശ്രീമതി കാവിയൂർ രേവമ്മ.
14 ചിറക്കൽ റ്റി. ബാലകൃഷ്ണൻ നായർ.
15 ശ്രീ. വി. പി. കുഞ്ഞിരാമക്കുറുപ്പ്.
16 ,, പൂത്തൂർ അച്യുതമേനോൻ.
17 ,, പി. എ. തോമസ്.
18 ,, കലാമണ്ഡലം നമ്പീശൻ.
19 സ്റ്റേഷൻ ഡയറക്ടർ, ആൾ ഇൻഡ്യാ റേഡിയോ തിരുവനന്തപുരം
20 കലാനിലയം കൃഷ്ണൻ നായർ.
21 പ്രസിഡന്റ് ദേശീയകലാസമിതി, കൊല്ലം.
22 രാമുണ്ണി ആര്യകലാനിലയം, ആലപ്പുഴ.

ഗവണ്മെന്റ് പ്രതിനിധികൾ.

വിദ്യാഭ്യാസ സെക്രട്ടറി.
വിദ്യാഭ്യാസ ഡയറക്ടർ.
കോളേജിയേറ്റ് വിദ്യാഭ്യാസ ഡയറക്ടർ.
കളക്ടർ, തൃശ്ശൂർ.
ശ്രീ. റ്റി. ആർ. സുകുമാരൻ നായർ.

ജോയിന്റ് സെക്രട്ടറി (കൃഷിവകുപ്പ്.)
ടെഷറർ—റവന്യൂ ഡിവിഷൻ ഓഫീസർ, തൃശ്ശൂർ.

LIBRARY ARCHIVES Kerala Legislative Assembly